(ബി) ടി വകുപ്പിന്റെ വാഹനങ്ങൾ സ്വകാര്യ വർക്ക്ഷോപ്പുകളിൽ റിപ്പയറിങ്ങിനായി നൽകാറുണ്ടോ ;

(സി) ടയർ, ട്യൂബ് സംബന്ധമായ കേടുപാടുകൾ തീർക്കുന്നതിനുള്ള വർക്ക്ഷോപ്പ് സംവിധാനം വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ടോ ;

(ഡി) വകുപ്പിന് കീഴിലുള്ള പ്രസ്തുത സംവിധാനം, മുഴുവൻ വാഹനങ്ങളും റിപ്പയർ ചെയ്യുന്നതിനും പരിശോധിക്കുന്നതിനും പര്യാപ്ത മാണോ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) കൂടുതൽ കാര്യക്ഷമതയ്ക്കുവേണ്ടി വകുപ്പിലെ വാഹനങ്ങൾ, ഉയർന്ന സാങ്കേതിക മികവുള്ള കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകൾ വഴി കേടുപാടുകൾ തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് മേജർ വർക്ക്ഷോപ്പുകളും (സെൻട്രൽ വർക്ക്ഷോപ്പ് എസ്.എ.പി. തിരുവനന്തപുരം, റേഞ്ച് വർക്ക്ഷോപ്പ് എം.എസ്.പി. മലപ്പുറം) ജില്ലാ തലത്തിലും ബറ്റാലിയനുകളിലും മൈനർ യൂണിറ്റ് വർക്ക്ഷോപ്പുകളും പ്രവർത്തി ക്കുന്നുണ്ട്.

(ബി) പോലീസ് വകുപ്പ് വാഹനങ്ങൾ റിപ്പയറിംഗിനായി ഗവൺമെന്റ് അംഗീകൃത സ്വകാര്യ വർക്ക്ഷോപ്പുകളിലും, അംഗീകൃത ഡീലർഷിപ്പുകളിലും നൽകാറുണ്ട്.

(സി) ഇല്ല.

(ഡി) പര്യാപ്തമല്ല.

(ഇ) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയാൻ നടപടി

25 (5934) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക ആവശ്യത്തിന് നൽകിയിട്ടുള്ള വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിന് ഉപയോഗിച്ചതിന് ഏതെങ്കിലും ഉദ്യോഗസ്ഥൻ നിശ്ചിത നിരക്കിൽ പണം അടച്ചിട്ടുണ്ടോ ; 2009-10 ൽ ഈ ഇനത്തിൽ എന്തുതുക സർക്കാരിന് ലഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പോലീസ്, ജയിൽ, ഫയർ ആന്റ് റസ്ക്യൂ, വിജിലൻസ്, കെമിക്കൽ എക്സാമിനേഷൻ വകുപ്പുകളിൽ ഔദ്യോഗിക വാഹന ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. പോലീസ് വകുപ്പിൽ നിന്നും 86, 337 രൂപയും വിജിലൻസ് വകുപ്പിൽ നിന്നും 7176 രൂപയും ലഭിച്ചിട്ടുണ്ട്. ഫയർ & റസ്ക്യൂ, ജയിൽ, കെമിക്കൽ എക്സാമിനേഷൻ വകുപ്പുകളിൽ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിനായി ഉപയോഗിച്ചിട്ടില്ല.

ഔദ്യോഗിക വാഹനത്തിൽ ചുവന്ന ലൈറ്റും നീല ലൈറ്റും ഉപയോഗിക്കാനുള്ള അവകാശം

26 (5935) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക വാഹനത്തിൽ ചുവന്ന ടോപ്പ്ലൈറ്റ് ഉപയോഗിക്കാൻ അവകാശമുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ ; അത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) അധികാരപ്പെടുത്തപ്പെട്ടവരല്ലാതെ ആരെങ്കിലും അതുപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അനധികൃതമായി ഉപയോഗിക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടി എന്തെന്ന് വെളിപ്പെടുത്തുമോ ; അത്തരം നടപടി എടുക്കേണ്ടത് ആരാണ് ;

(ഡി) നീലടോപ്പ് ലൈറ്റ് ഉപയോഗിക്കാൻ ആർക്കൊക്കെ അവകാശമുണ്ട് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു സംബന്ധിച്ച ലിസ്റ്റിൽ ആരെയെങ്കിലും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഔദ്യോഗിക വാഹനത്തിൽ ചുവന്ന ടോപ്പ് ലൈറ്റ് ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. ബഹു. കേരള ഗവർണർ.
2. ബഹു. കേരള മുഖ്യമന്ത്രി.
3. ബഹു. കേരള നിയമസഭാ സ്പീക്കർ
4. ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്.
5. ബഹു. കേരള മന്ത്രിമാർ.
6. ബഹു. കേരള പ്രതിപക്ഷനേതാവ്.
7. ബഹു. കേരള ചീഫ് വിപ്പ്.
8. ബഹു. കേരള ഹൈക്കോടതി ജഡ്ജിമാർ.
9. ബഹു. കേരള ഡെപ്യൂട്ടി സ്പീക്കർ.

LIBRARY ARCHIVES Kerala Legislative Assembly